# Desabhimani

# 31 August 2018

# After Flood, Rebuild Kerala



## ലക്ഷ്യം പുതിയ കേരളം

സ്വന്തം ലേഖകൻ

നിയമസഭാ വാർത്ത

■ പ്രതിപക്ഷത്തിന്റെ തെറ്റായ വാദങ്ങളുടെ മുനയൊടിച്ച് ശാസ്ത്രീയ വിശകലനങ്ങളുമായി മുഖ്യമന്ത്രിയും മന്ത്രിമാരും

പ്രളയക്കെടുതി താണ്ടി പുതിയ കേരളം പടുത്തുയർത്താൻ ഒറ്റ മനസ്സായി നിയമസഭ. നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ കാലവർഷക്കെടുതിയിൽ തളർന്നിരിക്കില്ലെന്നും പുതിയ കേരളത്തിനായി ഒന്നിക്കുമെന്നുമുള്ള പ്രഖ്യാപനംകൂടിയായി പ്രത്യേക സഭാസമ്മേളനം.

കാലവർഷക്കെടുതിമൂലമുണ്ടായ സ്ഥിതിവിശേഷവും പുനർനിർമാണത്തിനുള്ള നടപടികളും ചർച്ചചെയ്യാനാണ് വ്യാഴാഴ്ച സഭ സമ്മേളിച്ചത്. രാവിലെ ഒമ്പതിന് ആരംഭിച്ച സമ്മേളനം വൈകിട്ട് 5.45ന് അവസാനിച്ചു. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളടക്കം വിശദീകരിച്ചായിരുന്നു മുഖ്യമന്ത്രി പ്രസംഗം തുടങ്ങിയത്. സർക്കാർ സ്വീകരിച്ച നടപടികളും തുടർപ്രവർത്തനങ്ങളും അദ്ദേഹം വിശദീകരിച്ചു. ജീവൻ പണയംവച്ച് പങ്കാളികളായവരെയും സേനാവിഭാഗങ്ങളെയും പ്രത്യേകം അഭിനന്ദിച്ചു.

പുനർനിർമാണത്തിനും ഒരുമ നിലനിർത്തണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. എന്നാൽ, പതിവുപോലെ വിഷയത്തിൽ രാഷ്ട്രീയംകാണാനാണ് പ്രതിപക്ഷം ശ്രമിച്ചത്.

ഇല്ലാക്കഥകളുമായി ചർച്ചയിൽ പങ്കെടുത്ത പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയടക്കമുള്ളവരുടെ വാദമുഖങ്ങൾ മുഖ്യമന്ത്രിയുടെ മറുപടിയോടെ പൊളിഞ്ഞു. ഡാമുകളാണ് പ്രളയത്തിന് കാരണമെന്നുവരെയുള്ള പ്രതിപക്ഷത്തിന്റെ വാദങ്ങൾക്ക് ശാസ്ത്രീയ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി മറുപടിനൽകി.

അതിതീവ്ര മഴയുടെ മുന്നറിയിപ്പ് നൽകുന്നതിൽ കേന്ദ്ര കാലാവസ്ഥാവകുപ്പിനുണ്ടായ ന്യൂനതയും ചൂണ്ടിക്കാട്ടി. ഡാമുകൾ ഒന്നിച്ച് തുറന്നുവിട്ടെന്ന പ്രതിപക്ഷവാദവും തെറ്റെന്ന് തെളിവു നിരത്തി മന്ത്രിമാരും വ്യക്തമാക്കി. മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തിൽ 42 പേരാണ് ചർച്ചയിൽ പങ്കെടുത്തത്. മുഖ്യമന്ത്രിക്കു പുറമെ മന്ത്രിമാരായ ഇ ചന്ദ്രശേഖരൻ, മാത്യു ടി തോമസ് എന്നിവരും മറുപടി നൽകി.